ഉത്തരം

(എ & ബി) ഉണ്ട്. ദേശീയാടിസ്ഥാനത്തിൽ Build-Share-Transfer രീതിയിൽ ചാലക്കുടി ഹൗസിംഗ് സ്കീമിനോട് ചേർന്നുകിടക്കുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പലതവണ ദർഘാസുകൾ ക്ഷണിച്ചിരുന്നുവെങ്കിലും ഓഫറുകൾ ഒന്നും ലഭിച്ചില്ല. ആയതിനാൽ ദർഘാസ് വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് പുനർ ദർഘാസ് പരസ്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

വടകരയിൽ ഹൗസിംഗ് ബോർഡ് കോളനി പണിയാൻ നിർദ്ദേശം

154 (4507) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിൽ ഹൗസിംഗ് ബോർഡിന്റെ കീഴിൽ ഹൗസിംഗ് കോളനി ഉപയോഗപ്രദമായ സ്ഥലത്ത് പണിയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വടകര പുതിയാപ്പ് സിദ്ധാശ്രമത്തിന് സമീപത്ത് ഹൗസിംഗ് ബോർഡ് നിർമ്മിച്ച എത്ര വീടുകൾ വിൽപ്പന നടത്തിയിട്ടുണ്ട് ; ഇനി എത്രയെണ്ണം ബാക്കിയുണ്ട്, ബാക്കിയുള്ളവയിൽ എത്രയെണ്ണം ഉപയോഗശൂന്യ മായവയുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വടകരയിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് അനുസരിച്ച് ഹൗസിംഗ് കോളനി പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വടകരയിൽ സിദ്ധാശ്രമത്തിനു സമീപം ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതിയിൽ നിർമ്മിച്ച 41 വീടുകളും ലേല വിൽപ്പനയിലൂടെ വിറ്റുകഴിഞ്ഞു.

കലവറ വഴി വിതരണം ചെയ്ത മണൽ

155 (4508) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലവറ മുഖേന എത്ര ടൺ മണൽ വിതരണം ചെയ്തു ; ഏതെല്ലാം വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ മണൽ വിതരണം ചെയ്തു വെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009-2010 സാമ്പത്തിക വർഷം ആലപ്പുഴ ഒഴികെയുള്ള വിവിധ കലവറ യൂണിറ്റുകൾ വഴി 11854.32 ഘനമീറ്റർ മണലും ആലപ്പുഴ കലവറ യൂണിറ്റിൽ നിന്നും 1159.2 ടൺ മണലും വിപണനം നടത്തിയിട്ടുണ്ട്. ഈ മണൽ ബി.പി.എൽ. ഗുണഭോക്താക്കൾക്കും എ.പി.എൽ. ഗുണഭോക്താക്കൾക്കും കൂടാതെ സർക്കാരിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം പൊതുതാൽപ്പര്യം അർഹിക്കുന്ന ഏതാനും പ്രവൃത്തികൾക്കുമാണ് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തിട്ടുള്ളത്.

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ വിവിധ പദ്ധതികൾക്കായി 11-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 2200 ലക്ഷം രൂപ അംഗീകരിച്ചു. അതിന്റെ ഭാഗമായി കലവറ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന -ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.

ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് നടപ്പിലാക്കി. നിർമ്മിതി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു.

ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ധനസ്ഥിരത നിലനിർത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ

356 (4509) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ധനസ്ഥിരത നിലനിർത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിൽ നിന്നും ഈ സർക്കാരിന്റെ ധനനയത്തിൽ കാതലായ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(സി) നിർമ്മാണ പ്രവർത്തികൾക്കുള്ള ബില്ലുകൾ പ്രകാരമുള്ള തുകകൾ നൽകുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) കേന്ദ്ര നികുതി വിഹിതം 13-ാം ധനകമ്മീഷൻ ശുപാർശ പ്രകാരം കുറയുന്നതുമൂലം സാമ്പത്തിക രംഗത്ത് ഉണ്ടാകുന്ന നഷ്ടം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് നികുതി വകുപ്പിൽ കാലോചിതമായ പരിഷ്ക്കാരങ്ങളും നൂതന സംവിധാനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly